കൈമാറ്റം തടയൽ, അന്യാധീനപ്പെട്ട ഭൂമി വീണ്ടെടുക്കൽ, ഗ്രാമ വിപണിയുടെയും പണമിടപാട് സ്ഥാപനങ്ങളുടെയും നിയന്ത്രണം എന്നീ കാര്യങ്ങളിൽ ബന്ധപ്പെട്ട ഗ്രാമസഭയ്ക്ക് സവിശേഷാധികാരങ്ങളുണ്ട്. പട്ടിക മേഖലയിലെ സാമൂഹ്യ സാമ്പത്തിക വികസനത്തിനുള്ള പദ്ധതികളും പരിപാടികളും അംഗീകരിക്കൽ, ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കൽ, ധനവിനിയോഗ സാക്ഷ്യപത്രം നൽകൽ, പ്രകൃതി വിഭവ സംരക്ഷണം തുടങ്ങിയ വിഷയങ്ങളിലും ഈ നിയമ പ്രകാരം ഗ്രാമസഭയ്ക്ക് അധികാരങ്ങൾ സിദ്ധിക്കുന്നു.

(ഡി) മന്ത്രിസഭാ തീരുമാനപ്രകാരം കേരളത്തിലെ പട്ടികവർഗ്ഗ പ്രദേശങ്ങളെ പെസ നിയമത്തിനുകീഴിൽ കൊണ്ടുവരുന്നതിന്, രാഷ്ട്രപതി പ്രസ്തുത പ്രദേശങ്ങളെ പട്ടികപ്രദേശങ്ങളായി പ്രഖ്യാപിക്കേണ്ടതുണ്ട്. രാഷ്ട്രപതിയുടെ പ്രഖ്യാപനത്തിനു ശേഷമാണ് പ്രസ്തുത പ്രദേശങ്ങളിൽ PESA ബാധകമാക്കുന്നതു സംബന്ധിച്ച് ഗവർണ്ണർ വിജ്ഞാപനം പുറപ്പെടുവിക്കുന്നത്.

PESA നടപ്പിലാക്കുന്നതിനായി പ്രസ്തുത പ്രദേശങ്ങളെ പട്ടിക പ്രദേശങ്ങളായി പ്രഖ്യാപിക്കുന്നതിനുള്ള രാഷ്ട്രപതിയുടെ ഉത്തരവിന് ശിപാർശ ചെയ്തുകൊണ്ട് കേന്ദ്ര ഗവൺമെന്റിനെ (Ministry of Tribal Affairs, Government of India) സംസ്ഥാന ഗവർണർ മുഖാന്തരം സമീപിക്കേണ്ടതും രാഷ്ട്രപതിയുടെ പ്രഖ്യാപനം വന്നശേഷം പ്രസ്തുത പ്രദേശങ്ങളിൽ PESA ബാധകമാക്കിക്കൊണ്ട് ഗവർണ്ണർക്ക് വിജ്ഞാപനം പുറപ്പെടുവിക്കാവുന്നതുമാണ്.

കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിൽ ടൈബൽ എക്സ്റ്റെൻഷൻ ഓഫീസ്

327 (677) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിൽ ടൈബൽ എക്സ്റ്റൻഷൻ ഓഫീസ് ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കുന്ന ആഫീസ് എന്ന പരിഗണന നൽകി അടിയന്തിര നടപടി ആരംഭിക്കുന്നകാര്യം പരിഗണിക്കാമോ ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. ഈ നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly